# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2633 | 14.02.2013 ൽ മറുപടിക്ക്

### ഹാർട്ട് ലങ് മെഷീൻ വാങ്ങുന്നതിലുള്ള തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോ തൊറാസിക് വിഭാഗത്തിനായി വാങ്ങുന്ന ഹാർട്ട് ലങ് മെഷീന്റെ മറവിൽ വൻ തട്ടിപ്പിന് കളമൊരുങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ആദ്യ ടെണ്ടറിനേക്കാൾ 17 ലക്ഷത്തിലേറെ രൂപ അധികമായി വരുന്ന രണ്ടാമത്തെ ടെണ്ടറിന് ആശുപത്രി വികസന സമിതി അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. ആദ്യ ടെൻഡർ പ്രകാരം ക്ഷണിച്ചതിനേക്കാൾ കൂടുതൽ മികവാർന്ന മെഷീനാണ് രണ്ടാമത്തെ ടെൻഡർ വഴി വാങ്ങാൻ തീരുമാനിച്ചത്. |
| (സി) 57 ലക്ഷത്തിന്റെ ആദ്യ ടെണ്ടർ അട്ടിമറിച്ചും, ടെണ്ടർ അംഗീകരിച്ച സർക്കാർ ഉത്തരവ് പൂഴ്ത്തി വച്ചും 74 ലക്ഷം രൂപയുടെ രണ്ടാമത്തെ ടെണ്ടർ ഉറപ്പാക്കി 17 ലക്ഷം രൂപ അധിക ബാധ്യത വരുത്താൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) അട്ടിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദ്യ ടെൻഡർകാരൻ മെഷീൻ നൽകാത്തതിനാൽ സബ്കമ്മിറ്റിയും ജനറൽ ബോഡിയും അംഗീകരിച്ച പുതിയ സ്പെസിഫിക്കേഷനോടെയാണ് രണ്ടാമത്തെ ടെൻഡർ ക്ഷണിച്ചത്. അതിൻ പ്രകാരമുള്ള സപ്ലൈ ഓർഡർ നൽകിക്കഴിഞ്ഞു. |
| (ഡി) കാർഡിയോ തൊറാസിക് വിഭാഗത്തിൽ നിലവിൽ എത്ര ഹാർട്ട് ലങ് മെഷീനാണുള്ളത്; ആയത് എപ്പോൾ വാങ്ങിയതാണ്; സുതാര്യമായ വിധത്തിൽ പുതിയ മെഷീൻ വാങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിഭാഗത്തിൽ രോഗികൾ അനുഭവിക്കുന്ന ദുരിതത്തിന് ശാശ്വത പരിഹാരം കാണാൻ തയ്യാറാകുമോ; വിശദമാക്കുമോ; | (ഡി) നിലവിൽ ഒരു ഹാർട്ട് ലങ് മെഷീനാണുള്ളത്. അതിന് 13 വർഷത്തോളം പഴക്കമുണ്ട്. സുതാര്യമായ രീതിയിലാണ് പുതിയ മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി മെഷീൻ ലഭിക്കുന്നതോടെ കാർഡിയോ തൊറാസിക് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാകും. |

| | | | |
|---|---|---|---|
| (ഇ) | ഇപ്പോഴത്തെ റഫറൽ സംവിധാനം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഒ. പി. ബ്ലോക്കിൽ ഏജന്റുമാർക്ക് വീണ്ടും താവളമൊരുക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ടിക്കറ്റൊന്നിന് 100 രൂപ നൽകിയാൽ എത്ര തിരക്കായാലും ഏജന്റുമാർ ഒ. പി. ടിക്കറ്റ് സംഘടിപ്പിച്ച് കൊടുക്കുന്നതായും ദിവസേന 5000 മുതൽ 6000 രൂപ വരെ ചില ഏജന്റുമാർ വരുമാനമുണ്ടാക്കുന്നതായും ആയത് ഏതാനും ജീവനക്കാരും, ഡോക്ടർമാരും കൂടി വീതംവച്ചെടുക്കുന്നതുമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ജി) | എങ്കിൽ, ഇത്തരം ഏജന്റുമാരെ പിടികൂടി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ